# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ. 167

28.05.2019 ലെ മറുപടിയ്ക്ക്

### കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കൽ

| ചോദ്യം<br>ശ്രീ.ബി.സത്യൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ദേശീയപാതയിലെ തിരക്കേറിയ കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്ന കാര്യം ആഭ്യന്തരവകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഉണ്ട്. കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ റോഡ് സേഫ്റ്റി അതോറിറ്റി അംഗീകരിച്ചിട്ടുള്ളതും ആയതിലേക്ക് വിശദമായ പഠനം നടത്താൻ NATPAC-നെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ടി റിപ്പോർട്ട് ലഭിച്ചതിനു ശേഷം റോഡ് സേഫ്റ്റി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതാണ്. |
| (ബി) | വർക്കല ബീച്ച്, ശിവഗിരി മഠം എന്നിവിടങ്ങളിലേക്കെത്തുന്ന സന്ദർശകർക്ക് കല്ലമ്പലം ജംഗ്ഷനിലെ ഗതാഗതതിരക്ക് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ? | (ബി) | ഗതാഗത തിരക്ക് നിയന്ത്രിക്കുന്നതിന് എല്ലാ ദിവസവും കല്ലമ്പലം ജംഗ്ഷനിൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ